(ബി) കമ്പ്യൂട്ടർവൽക്കരണത്തിനായി ഇതുവരെ 11,45,91,090 രൂപ ചെലവഴിച്ചു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ആധാരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(എഫ്) കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായ സബ് രജിസ്ട്രാർ ആഫീസുകളിൽ ഡേറ്റാ എൻട്രി നടത്തിയ 13 വർഷത്തെ കാലയളവിനുള്ളിൽ വരുന്ന സർട്ടിഫിക്കറ്റ് അപേക്ഷ സമർപ്പിച്ചതിന്റെ അടുത്ത ദിവസം തന്നെ ആവശ്യക്കാരന്ത്രും ഇപ്പോഴും നൽകാൻ കഴിയുന്നുണ്ട്.

സബ് രജിസ്ട്രാർ ഓഫീസുകളുടെ പുനരുദ്ധാരണം

115 [297] *ശ്രീ. കെ. പി. മോഹനൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദ്രോഹവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പഴകിയതും ശോചനീയാവസ്ഥയിലുള്ളതുമായ സബ് രജിസ്ട്രാർ ഓഫീസുകൾ പുതുക്കി പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളാണ് പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) കണ്ണൂർ ജില്ലയിലെ പാനൂർ, പൊക്ലി രജിസ്ട്രാർ ഓഫീസുകൾ എന്ന് പുതുക്കി പണിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ ബജറ്റ് വിനിയോഗത്തിന് അനുസരണമായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പുനരുദ്ധാരണം/അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ഇതിനു പുറമേ എം. ജി. പി. യിൽ ഉൾപ്പെടുത്തിയ 69 ഓഫീസുകളിൽ ആവശ്യമുള്ള ഓഫീസുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ബി) ജീർണ്ണാവസ്ഥയിലുള്ള സബ് രജിസ്ട്രാർ ഓഫീസുകൾ പുതുക്കി പണിയാൻ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മട്ടന്നൂർ, ഇരിക്കൽ, പേരാവൂർ, പാനൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളും കണ്ണൂർ ജില്ലാ രജിസ്ട്രാർ ഓഫീസും പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നു.

(ഡി) പാനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണത്തിന് ആഗസ്റ്റ് ആദ്യവാരം ടെന്റർ ആകുമെന്ന് പ്രതീക്ഷിക്കുന്നു. ചൊക്ലി സബ് രജിസ്ട്രാർ ഓഫീസിന്റെ ചുറ്റുമതിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

രജിസ്ട്രേഷൻ ഫീസിനത്തിലുള്ള വരുമാന വർദ്ധന

116 [298] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *പി. കെ. കെ. ബാവ:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *ടി. പി. എം. സാഹിർ:*
,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചതിനെ തുടർന്ന് ഈ ഇനത്തിൽ എന്തു തുകയുടെ വരുമാന വർദ്ധനവ് ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 1-4-2005 മുതൽ സ്റ്റാമ്പ് ഡ്യൂട്ടിയും സർചാർജ്ജും വർദ്ധിപ്പിക്കുകയുണ്ടായി. തലേ വർഷം ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ ആകെ വരുമാനം 135.70 കോടി രൂപയായിരുന്നു. ഈ വർഷം ഈ മാസങ്ങളിലെ ആകെ വരുമാനം 172.87 കോടി രൂപയാണ്.

ഇന്ദിരാ ആവാസ് യോജന പദ്ധതി

117 [299] *ശ്രീ. പി. ടി. തോമസ്:*
,, *സി. പി. മുഹമ്മദ്:*
,, *നീ. വിജയകുമാർ:*
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം ഈ വർഷം എത്ര വീടുകൾ നിർമ്മിക്കുവാനാണ് പരിപാടിയുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly